കേരളകൗമുദി

Print this Page

# ജലസ്രോതസുകൾക്ക് മരണവാറണ്ട്, പരവൂർ കായൽ മൈതാനമായി മാറാൻ ഇനിയും എത്രനാൾ!

Posted on: Wednesday, 10 June 2015

കൊല്ലം: ഏതാനും വർഷങ്ങളായി, മഴക്കാലമെത്തിയാൽ മയ്യനാട് മുക്കം അടക്കം പരവൂർ കായലിന്റെ പരിസരപ്രദേശങ്ങളാകെ വെള്ളത്തിനടിയിലാവും. ഈ പ്രതിഭാസം നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് എന്തുകൊണ്ട്?

പരവൂർ കായൽ കരകവിയുന്നതാണെന്ന ലളിതമായ ഉത്തരം ഇതിന് സർക്കാരിന്റെ ഭൗമ ശാസ്ത്രജ്ഞന്മാർ നൽകും. വേനൽക്കാലത്തുതന്നെ പരവൂർ കായലിന് 'വിസ്തീർണ്ണം' കൂടിയത് അവർ കണ്ടെത്തിക്കഴിഞ്ഞു. 'സെസി' ന്റെ അളവുകോൽ വച്ച് 6.31 സ്ക്വയർ കിലോമീറ്ററായിരുന്ന ആയിരുന്ന കായൽ വിസ്തീർണ്ണം ഇപ്പോൾ 7.23 സ്ക്വയർ കിലോമീറ്ററാണ്. പിന്നെങ്ങനെ മഴക്കാലത്ത് കവിഞ്ഞൊഴുകാതിരിക്കും!.

എന്നാൽ മയ്യനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ഹെൽപ്പ് ഫൗണ്ടേഷ'ന്റെ പഠനറിപ്പോർട്ടിലെ വെളിപ്പെടുത്തൽ മറ്റൊന്നാണ്. "12 അടിയിൽ അധികം ആഴം ഉണ്ടായിരുന്ന കായലിന്റെ പലഭാഗങ്ങളിലും ഇപ്പോൾ രണ്ടടി വെള്ളമേ ഉള്ളൂ. മദ്ധ്യഭാഗം നികന്ന് ഒരു തുരുത്ത് രൂപം കൊണ്ടുകഴിഞ്ഞു. കായൽ ഇത്തരത്തിൽ നികന്നത് മൂലം അതിന്റെ ജലസംഭരണ ശേഷി പലമടങ്ങ് കുറഞ്ഞു. ഈ നില തുടർന്നാൽ പരവൂർ കായൽ പരവൂർ മൈതാനമായി മാറാൻ ഇനി അധികകാലം വേണ്ട"-ഫൗണ്ടേഷൻ ഡയറക്ടർ പീറ്റർ പ്രദീപ് പറഞ്ഞു. കര കവിയുന്നതല്ല, കായൽ കരയാവുന്നതാണ് പരിസരപ്രദേശങ്ങളെ വെള്ളത്തിലാക്കിയതെന്ന് പഠനം പറയുന്നു.

അശാസ്ത്രീയമായ ചീപ്പ് നിർമ്മാണം കായൽ പരി:സ്ഥിതിയെ തകർത്ത മുഖ്യകാരണമായി പഠനസംഘം ചൂണ്ടിക്കാട്ടി. പരവൂർ കായലിനും കടലിനുമിടയിൽ പണ്ടു കാലം മുതൽ ഒരു സ്വാഭാവിക പൊഴി രൂപംകൊണ്ടിരുന്നു. ഇത്തിക്കര ആറ് കായലിൽ പതിക്കുന്ന മുക്കം ലക്ഷ്മിപുരം തോപ്പിന് ആഭിമുഖമായിട്ടായിരുന്നു അതിന്റെ സ്ഥാനം. ഈ സ്ഥാനം മാറ്റി പുതിയ ചീപ്പ് സ്ഥാപിക്കപ്പെട്ടതോടെ നിരന്തരമായ കടലാക്രമണത്തിന് കായൽ വിധേയമായി. വേലിയേറ്റ സമയങ്ങളിൽ ചീപ്പ് വഴി കടൽ മണ്ണ് കയറിയാണ് കായൽ നികന്നത്. അതോടൊപ്പം ഉപ്പുവെള്ളം മത്സ്യസമ്പത്ത് അടക്കം കായൽജലത്തിന്റെ ജൈവവൈവിദ്ധ്യത്തിന് കടുത്ത നാശം വിതച്ചു. അതുവഴി തീരദേശറോഡ് അസാദ്ധ്യമാക്കിയതും സ്ഥാനം തെറ്റിയുള്ള നിർമ്മാണപ്രവർത്തനങ്ങളാണെന്ന് പഠനം ചൂണ്ടിക്കാട്ടി. ഇതിനിടയിൽ, കച്ചവട താല്പര്യം മാത്രം നിലവിൽവന്ന ടൂറിസം വികസന പദ്ധതികളും റിസോർട്ടുകളും കായൽപരി:സ്ഥിതിക്ക് കനത്ത ആഘാതം ഏല്പിച്ചു. ഇന്ന് കാലഹരണപ്പെട്ട കട്ടച്ചൂളകളും പരി:സ്ഥിതി തകർച്ചയ്ക്ക് അതിന്റേതായ സംഭാവന നൽകിയതായി പഠനത്തിൽ പറഞ്ഞു.

പരവൂർ കായലിന്റെ പരി:സ്ഥിതി പഠനം, ഫൗണ്ടേഷൻ സംഘത്തെ ഇത്തിക്കര ആറിന്റെ ഉത്ഭവസ്ഥാനംവരെ എത്തിച്ചു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇത്തിക്കര ആറ് കടന്നുപോകുന്ന 12 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 'പരവൂർ കായൽ- ഇത്തിക്കര ആറ് പ്രൊട്ടക്ഷൻ കൗൺസിലി' ന് ഫൗണ്ടേഷൻ രൂപം നൽകി. ജനപ്രതിനിധികൾക്ക് പുറമേ ഓരോ പഞ്ചായത്തിലേയും രണ്ട് സ്ക്കൂളുകൾവീതം തിരഞ്ഞെടുത്ത് അവിടുത്തെ കുട്ടികൾക്ക് പ്രത്യേക ബോധവല്ക്കരണം നടത്തുകയും

അവരെ സംരക്ഷണ സമിതിയുടെ മുൻനിര പ്രവർത്തകരാക്കി മാറ്റുകയുമാണ് ലക്ഷ്യം. മിക്ക പഞ്ചായത്തുകളിൽ നിന്നും മികച്ച സഹകരണമാണ് ഈ സംരംഭത്തിന് ലഭിച്ചത്. മയ്യനാട് ഗ്രാമപഞ്ചായത്ത് പഠനപ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചു. എന്നാൽ സന്നദ്ധ സംഘടനകൾക്ക് ഇത്തരം പ്രവർത്തനങ്ങളിൽ പരിമിതികൾ ഉണ്ടെന്ന് പ്രൊഫ:പീറ്റർപ്രദീപ് പറഞ്ഞു.

© Copyright Keralakaumudi Online 2012